# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2752**

06.02.2018-ലെ മറുപടി

## പ്രമാടം ശുദ്ധജല വിതരണ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അടൂർ പ്രകാശ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പത്തനംതിട്ട ജില്ലയിലെ പ്രമാടം പഞ്ചായത്തിൽ പ്രമാടം ശുദ്ധജല വിതരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നാണ്; | (എ) യും | പത്തനംതിട്ട ജില്ലയിലെ പ്രമാടം, വള്ളിക്കോട്, കോട്ടയം വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 25.10.2013-ൽ 1500 ലക്ഷം രൂപയുടെ ഭരണാനുമതിയും 1.11.2013-ൽ സാങ്കേതിക അനുമതിയും നൽകിയിരുന്നു. |
| (ബി) ശുദ്ധജല വിതരണപദ്ധതി നടപ്പിലാക്കുന്നതിന് എ.എസ്., റ്റി.എസ്. എന്നിവ നൽകിയിരുന്നോ; | (ബി) യും | |
| (സി) ഈ വർക്ക് ടെണ്ടർ നൽകിയോ; എങ്കിൽ എന്നാണ്; | (സി) | പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ഇൻടേക്ക് കിണർ, റോ വാട്ടർ പമ്പിങ് മെയിൻ 7 ദശലക്ഷം ശേഷിയുള്ള ജലശുദ്ധീകരണശാല എന്നിവയുടെ ടെണ്ടർ 30.09.2016-ൽ നൽകിയിരുന്നു. |
| (ഡി) ഈ പ്രവൃത്തിയുടെ പണി നടക്കാത്തത് എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ; | (ഡി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.ആർ.ഡി. ഡബ്ലിയു.പി-യിൽ ഫണ്ടിന്റെ അപര്യാപ്തമൂലം പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിക്കുവാൻ കരാറുകാരൻ തയ്യാറായിരുന്നില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി പത്തനംതിട്ട മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (ഇ) എ.എസ്., റ്റി.എസ്. എന്നിവ നൽകിയതിന് ശേഷം നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ; | (ഇ) | പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ ഘടകങ്ങളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും പദ്ധതിക്കാവശ്യമായ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കിണർ പണിയാൻ ഉദ്ദേശിച്ച സ്ഥലത്തെ മണ്ണ് പരിശോധന നടത്തുകയും, ഇൻടേക്ക് കിണർ. |

റോ വാട്ടർ പമ്പിങ് മെയിൻ ജലശുദ്ധീകരണ ശാല എന്നിവയുടെ പ്രവൃത്തികൾക്ക് ടെണ്ടർ വിളിച്ച് കരാർ നൽകുകയും ചെയ്തിരുന്നു.

| | | | |
|---|---|---|---|
| (എഫ്) | ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്ന് വെളിപ്പെടുത്താമോ; | (എഫ്) | എൻ.ആർ.ഡി.ഡബ്ല്യു.പി-യിൽ ലഭിച്ച പ്രമാടം കുടിവെള്ളപദ്ധതി, പുതിയതായി ആവിഷ്കരിക്കുന്ന പത്തനംതിട്ട മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (ജി) | ഇതിലേയ്ക്ക് മുൻസർക്കാരിന്റെ കാലത്ത് കൈക്കൊണ്ട നടപടി ക്രമങ്ങൾ വിശദീകരിക്കുമോ; ഇപ്പോൾ എന്തുകൊണ്ടാണ് അവ നടപ്പിലാക്കാത്തതെന്ന് വിശദീകരിക്കുമോ? | (ജി) | മുൻസർക്കാരിന്റെ കാലത്ത് പദ്ധതിയുടെ ഭരണാനുമതി, സാങ്കേതികാനുമതി, വിവിധ ഘടകങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ എന്നിവ പൂർത്തീകരിച്ചിരുന്നു. എന്നാൽ എൻ.ആർ.ഡി.ഡബ്ല്യു.പി-യിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ